

വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

2021
നവംബർ 21

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com


പള്ളിക്കൂദാശാ നാലാം ഞായർ



# തന്നെത്തന്നെ ശൂന്യനാക്കിയ രാജാവ്

ഹെബ്രാ 9:16-28, മത്താ 22:41-46

ഇന്ന് ക്രിസ്തുരാജന്റെ തിരുനാളാണ് - രാജത്വത്തിരുനാൾ. പണ്ട് സ്കൂളിൽ പഠിക്കുമ്പോൾ ഇന്നേദിവസം എല്ലാ ഇടവകയിൽ നിന്നും ഫെറോനായിലെ ഒരു കേന്ദ്രത്തിൽ ക്രിസ്തുരാജന്റെ രൂപവും പേറി ജയ്‌വിളികളോടെ എല്ലാവരും എത്തിച്ചേരുമായിരുന്നു. ഇന്ന് അങ്ങനെ ഒരു റാലിയും സമ്മേളനവും കാണാറില്ല; "ക്രിസ്തുരാജൻ ജയിക്കട്ടെ" എന്ന ആരവം മുഴങ്ങി കേൾക്കാറുമില്ല. ഇതിന്റെ അഭാവം കോവിഡ് പശ്ചാത്തലം ആണെന്നും തോന്നുന്നില്ല. രാജാവും രാജത്വവും കാലയവനികയ്ക്കിള്ളിൽ മറഞ്ഞുപോയി. ഡമോക്രസിയും സോഷ്യലിസവുമാണല്ലോ പ്രചാരത്തിലിരിക്കുന്നത്. ജപ്പാൻ കിരീടാവകാശിയുടെ മകൾ മാക്കോ രാജകുമാരി, താൻ പ്രണയിച്ച സാധാരണക്കാരനെ വേൾക്കാൻ സകല രാജകീയ പദവികളും സ്ഥാനമാനങ്ങളും ത്യജിച്ച വാർത്ത ഏതാനും ദിവസങ്ങൾക്ക് മുൻപ് മാധ്യമങ്ങളിൽ ഇടം പിടിച്ചിരുന്നു. ഇതുമായിട്ട് താരതമ്യപ്പെടുത്താവുന്നതല്ലെങ്കിലും, മാനുഷികമായി ചിന്തിക്കുമ്പോൾ, യേശുവും "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ടത് ഒരു കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് മനുഷ്യരുടെ സദൃശ്യത്തിലായിത്തീർന്നു' (ഫിലി 2:6). ദൈവത്തിനു മനുഷ്യർ കൊടുക്കാറുള്ള പരിവേഷം അഴിച്ചുമാറ്റി ഒരു സാധാരണക്കാരനായി അവതരിച്ചു - മനുഷ്യരെ രക്ഷിക്കാൻ. എന്നിരുന്നാലും മനുഷ്യനായി പിറക്കുന്ന ഈ ദൈവം ഒരു രാജപരമ്പരയിൽ ജനിക്കുന്നതായിട്ടാണ് പ്രവാചക ഗ്രന്ഥങ്ങളിൽ കാണുന്നത് - ദാവീദിന്റെ വംശത്തിൽ.

കാലത്തിന്റെ നികവിൽ യേശു ബെത് ലേഹമിൽ പിറക്കുമ്പോൾ, പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികൾ 'യഹൂദരുടെ രാജാവായി ജനിച്ചവനെ' അന്വേഷിച്ചുവരുന്നുണ്ട്. അവസാനം ഒരു കുറ്റവാളിയെപ്പോലെ ദേശാധിപതിയുടെ മുൻപിൽ വിലങ്ങിട്ട് നിൽക്കുമ്പോൾ പീലാത്തോസ് ചോദിക്കുന്നത് നീ ഒരു കുറ്റവാളിയാണോ എന്നല്ല മറിച്ച്, 'നീ യഹൂദരുടെ രാജാവാണോ ?' എന്നാണ്. പീലാത്തോസിന് ഒരു ഉൾപ്രേരണ ഉണ്ടായതു കാരണമായിരിക്കാം അയാൾ ഒരു ശീർഷകം എഴുതി യേശുവിന്റെ കുരിശിനു മുകളിൽ വച്ചത്, 'നസറായനായ യേശു, യഹൂദരുടെ രാജാവ്.' യേശുവിന്റെ രാജത്വത്തെ അനാവരണം ചെയ്യുന്ന വേറെ സന്ദർഭങ്ങളും ഉണ്ട്. നാല് സുവിശേഷകരും യേശുവിന്റെ ജറുസലേമിലേയ്ക്കുള്ള രാജകീയ പ്രവേശനത്തെ വിവരിക്കുന്നുണ്ട്. യേശു തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ ചുമതലപ്പെടുത്തി അയച്ചത് സ്വർഗ്ഗരാജ്യം, അതായത് തന്റെ രാജ്യം,

സമീപിച്ചിരിക്കുന്നു എന്ന്




എമ്മാനുവൽ പ്ലാമ്മൂട്ടിൽ

പ്രസംഗിക്കാനാണ്. (മത്തായി 10:7) അങ്ങനെ തിരുവെഴുത്തുകളിൽ ക്രിസ്തുവിനെ ഒരു രക്ഷകനും രാജാവുമായിട്ടാണ് ചിത്രീകരിക്കുന്നത്.

## യേശുവിന്റെ വ്യക്തിത്വം

ഇന്ന് നമ്മുടെ വിചിന്തനത്തിനു നൽകിയിരിക്കുന്നത് മത്തായിയുടെ സുവിശേഷത്തിലെ 22-ാം അദ്ധ്യായത്തിന്റെ അവസാന ഭാഗമാണ്. യേശുവിനെ എങ്ങിനെയെങ്കിലും വാക്കിൽ കുടുക്കാൻ ഫരിസേയരും സദുക്കായരും ആഞ്ഞു ശ്രമിക്കുകയാണ്. സീസറിനുള്ള നികുതിയേക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും സുപ്രധാന കല്പനയെക്കുറിച്ചും മറ്റും. പക്ഷെ യേശുവിന്റെ മറുപടി കേട്ട് പരീക്ഷിക്കാൻ വന്നവർ 'വിസ്മയഭരിതരായി', 'ജനക്കൂട്ടം ആശ്ചര്യപ്പെട്ടു', ചോദ്യകർത്താക്കൾ 'അവനോട് ഒരു വാക്കുപോലും പറയാൻ ധൈര്യപ്പെടാതെ' സ്ഥലം വിടുകയാണ്.

യേശു ആരെന്ന ചോദ്യത്തിന് ചിലർക്ക് അവൻ യോഹന്നാൻ ആയിരുന്നു; വേറെ ചിലർക്ക് ഏലിയ. പരിഭ്രാന്തനായ ഹേറോദേസിന് താൻ ശിരഛേദനം ചെയ്ത യോഹന്നാനായിരുന്നു യേശു. അതുപോലെ തന്നെ ക്രിസ്തു രാജാവാണെന്ന് പല വിഭാഗക്കാരും ധരിച്ചു. പക്ഷെ ഇവരൊക്കെ യേശുവിന്റെ രാജത്വം ഏതുവിധത്തിലായിരിക്കും മനസ്സിലാക്കിയത്? അന്ധനായ യാചകൻ

'ദാവീദിന്റെ പുത്രാ' എന്നുവിളിച്ചപ്പോൾ മനസ്സിലാക്കിയതുപോലെയാകാൻ വഴിയില്ല, പീലാത്തോസ് 'നീ യഹൂദരുടെ രാജാവാണോ?' എന്നു ചോദിച്ചപ്പോൾ. ഇതിൽ നിന്നും വിഭിന്നമായിരിക്കണം യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട കുറ്റവാളി യേശുവിനോട്, 'നീ നിന്റെ രാജ്യത്തു പ്രവേ ശിക്കുമ്പോൾ എന്നെയും ഓർക്കണമേ' എന്നു പറഞ്ഞപ്പോൾ. ഏതു വിധത്തിലാണ് യേശുവിന്റെ രാജത്വം നാം നസ്സിലാക്കേണ്ടത്?

യേശുവിന്റെ രാജത്വം 'ദൈവരാജ്യം / സ്വർഗ്ഗരാജ്യ'വുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെ രാജ്യം എന്നുപറയുന്നത് അതിരുകൾകൊണ്ട് അടയാളപ്പെടുത്തിയ ഒരു സ്ഥലം അല്ല. 'എന്റെ രാജ്യം ഐഹീകമല്ല.' യേശു പറയുന്നത് യേശു തന്നെയാണ് ദൈവരാജ്യം എന്നാണ്. ദൈവം യേശുവിലൂടെ മറ്റുള്ളവർക്ക് തന്റെ സാന്നിദ്ധ്യം നൽകുന്നു; അതായത് യേശുവാണ് ദൈവസാന്നിധ്യം.

## യേശുവാകുന്ന ദൈവരാജ്യം

വേറൊരവസരത്തിൽ യേശു ഫരിസേയരോടു പറയുന്നുണ്ട്, "ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്." (ലൂക്കാ 17:21) ഞാനാണ് ദൈവരാജ്യം. നിങ്ങളുടെ മദ്ധ്യേ നിൽക്കുന്ന എന്നെ നിങ്ങൾ മനസ്സിലാക്കുന്നില്ല. ദൈവം ലോകത്തിൽ സന്നിഹിതനായിരിക്കുന്നത് എന്നിലൂടെയാണ്. ഇനി ചില തർജ്ജിമകളിൽ കാണുന്നതുപോലെ, 'ദൈവരാജ്യം നിങ്ങളിൽത്തന്നെയുണ്ട്' എന്ന വിധത്തിൽ നാം മനസ്സിലാക്കുകയാണെങ്കിലോ? 'ദൈവരാജ്യം ആദ്യം സംജാതമാകേണ്ടത് നമ്മുടെ ഹൃദയത്തിലാണ്. ജീവനിൽ പ്രവേശിക്കുവാൻ അഭിലഷിക്കുന്നെങ്കിൽ - ദൈവരാജ്യം വിസ്തൃതമാകാൻ ആഗ്രഹിക്കുന്നെങ്കിൽ - പ്രമാണങ്ങൾ അനുസരിക്കുക എന്നാണ് യേശു പറയുന്നത്. (മത്തായി 19:18). ഈ ദൈവരാജ്യം പൂർണ്ണതയിൽ എത്തണമെങ്കിൽ 'പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. പിന്നെ വന്ന് എന്നെ അനുഗമിക്കുക.' നമുക്കുള്ളതു സകലതും വിറ്റു ദരിദ്രർക്ക് കൊടുക്കുകയോ, യേശുവിനെ അനുഗമിക്കുകയോ ചെയ്യാതിരിക്കുന്നതുകൊണ്ടല്ലേ സ്വർഗ്ഗരാജ്യം ഇന്നും നമുക്ക് ഒരു മരീചികയായി നിലകൊള്ളുന്നത്? ഇന്നത്തെ പത്രവാർത്തകളും വാർത്താചാനലുകളും ഒരേ സ്വരത്തിൽ പറയുന്നത് ദൈവരാജ്യം നമ്മിൽ നിന്നും വളരെ അകലെയാണെന്നാണ്.

പ്രമാണങ്ങൾ പാലിക്കുന്നതോടൊപ്പം പലതും നാം വർജ്ജിക്കേണ്ടിവരും. നമ്മുടെ അവകാശമാണെന്ന് കരുതി പോന്നിരുന്ന പലതും നമ്മുടെ അവകാശമല്ല മറിച്ച് നമ്മൾ അപഹരിച്ചതായിരുന്നു എന്ന തിരിച്ചറിവിലേയ്ക്ക് നാം വളരേണ്ടിയിരിക്കുന്നു. ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്നതും, ശമ്പളം പിടിച്ചുവയ്ക്കുന്നതും, നികുതി വെട്ടിക്കുന്നതും അങ്ങനെ പലതും. എങ്കിൽ മാത്രമേ ദൈവരാജ്യം നമ്മുടെ ഇടയിൽ സാധിതമാകുകയുള്ളു.

ചിലരെങ്കിലും സഭയാണ് ദൈവരാജ്യം എന്ന ചിന്തയിലേയ്ക്ക് എത്തിച്ചേരുന്നുണ്ട്. എന്നാൽ സഭയേക്കാൾ വിശാലമായ അർത്ഥത്തിൽ വേണം. ദൈവരാജ്യം / സ്വർഗ രാജ്യം / ക്രിസ്തുരാജ്യം നാം മനസ്സിലാക്കാൻ. ഇതാണല്ലോ രണ്ടാം വത്തിക്കാൻ സൂനഹദോസും വിഭാവനം ചെയ്തിട്ടുള്ളത്.

## അങ്ങയുടെ രാജ്യം വരണമേ

റോമാക്കാർക്കെഴുതിയ ലേഖനത്തിൽ പൗലോസ് ശ്ലീഹാ ദൈവരാജ്യത്തിന് മനോഹരമായ ഒരു നിർവചനം നൽകുന്നുണ്ട്. "ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്" (റോമ 14:17) സെബദീ പുത്രന്മാർ ആഗ്രഹിച്ചതുപോലുള്ള ഒരു കാര്യമല്ല ദൈവരാജ്യം - അധികാരം കൈയ്യാളി രാജാവിന്റെ വലത്തുഭാഗത്തും ഇടത്തുഭാഗത്തും ഇരിക്കുക എന്നത്. രാജഭരണവും രാജാധികാരവും സൂചിപ്പിക്കുന്നത് അതാണല്ലോ. ആ അവസ്ഥയിലേയ്ക്ക് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ - ക്രിസ്തുവിന്റെ രാജ്യത്തെ - താഴ്ത്തിയോ എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. കോർപ്പറേറ്റ് സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതുകൊണ്ടോ, കോടികളുടെ പള്ളികൾ പണിതു പൊക്കുന്നതിലൂടെയോ അല്ല ദൈവരാജ്യം സ്ഥാപിതമാകുന്നത്. ബാഹ്യമോടിയിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ദൈവരാജ്യത്തിന്റെ പ്രഭക്ക് മങ്ങൽ ഏൽക്കുകയാണ് സംഭവിക്കുക.

മേൽപ്പറഞ്ഞത് ദൈവരാജ്യം എന്തെല്ലാമല്ലെന്നാണ് സൂചിപ്പിക്കുന്നത്. തുടർന്ന് ശ്ലീഹാ ദൈവരാജ്യം എന്താണെന്ന് പറയുന്നുണ്ട്. അതിൽ ആദ്യത്തേത് നീതിയാണ്. ഒരു ഭരണസംവിധാനത്തിൽ നമുക്ക് നീതി ലഭിക്കുമെന്ന് ഉറപ്പുണ്ടായാൽ മാത്രമേ ആ സംവിധാനം അഭിലഷണീയമാകുകയുള്ളു. ദൈവരാജ്യത്തിൽ നമുക്ക് നീതി ലഭിക്കും, അല്ലാത്തത്, നീതി പ്രദാനം ചെയ്യാത്തത് ദൈവരാജ്യത്തിന്റെ ഭാഗമാവുകയില്ല. രണ്ടാമതായി എടുത്തു കാണിക്കുന്നത് സമാധാനമാണ്. ഉത്ഥിതനായ ക്രിസ്തു എല്ലാവർക്കും നൽകിയത് സമാധാനമാണ്. സമാധാനം തകർക്കുന്നതൊന്നും ദൈവരാജ്യത്തിന്റെ ഭാഗമാവുകയില്ല. അപരന് സമാധാനമായി മാറാൻ നമുക്ക് കഴിയുന്നുണ്ടോ? എങ്കിൽ ദൈവരാജ്യത്തിന്റെ വളർച്ചക്ക് നമ്മളും പങ്കുകാരാകും, ക്രിസ്തുവിന്റെ വലത്തുവശത്തും ഇടതുവശത്തും നമുക്ക് സ്ഥാനം ലഭിക്കും.

മൂന്നാമതായി എടുത്തുകാണിക്കുന്നത് പരിശുദ്ധാത്മാവിലുള്ള സന്തോഷമാണ്. നീതിയും സമാധാനവും ഉള്ളിടത്തു വന്നുഭവിക്കുന്നതാണ് സന്തോഷം. 'യേശു ആത്മാവിൽ ആനന്ദിച്ചു' എന്നാണ് സുവിശേഷത്തിൽ വായിക്കുന്നത്. (ലൂക്ക 10:21). സ്നേഹമാണ് സന്തോഷത്തിന്റെ അടിസ്ഥാനം. എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ (1.തെസ 5:16) എന്ന് പൗലോസ് ശ്ലീഹാ നമ്മോട് പറയുന്നുണ്ട്. രോഗമോ, വേർപാടോ, പ്രകൃതിക്ഷോഭമോ, എന്തുതന്നെയായാലും നമ്മെ ഈ സ്വർഗ്ഗരാജ്യത്തിൽ നിന്ന് അകറ്റാൻ ഇടയാക്കാതിരിക്കട്ടെ. അങ്ങനെ നീതിയിലും സമാധാനത്തിലും പരിശുദ്ധാത്മാവിന്റെ സന്തോഷത്തിലും ക്രിസ്തുവിന്റെ രാജ്യം പടുത്തുയർത്തുവാൻ നമുക്ക് സാധിക്കട്ടെ. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിൽ നമ്മൾ 'അങ്ങയുടെ രാജ്യം വരണമേ' എന്നു യാചിക്കുമ്പോൾ, ഇതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം - ക്രിസ്തുരാജ്യത്തിന്റെ സംസ്ഥാപനം. ■

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com